**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **07-10-2021 - ൽ മറുപടിയ്ക്ക്**

**നൈതികം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിവരുന്ന നൈതികം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ; | (എ) | ഭരണഘടന പരിചയപ്പെടാനും സ്കൂളിന് സ്വന്തമായൊരു ഭരണഘടന തയ്യാറാ ക്കാനും അവസരമൊരുക്കിക്കൊണ്ട് ഭരണഘടനയുടെ എഴുപതാം വാർഷികം, സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രത്യേക നിർദ്ദേശപ്രകാരം, ആഘോഷി ക്കുന്നതിന്റെ ഭാഗമായാണ് നൈതികം പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയത്. ഇതിലൂടെ നമ്മുടെ ഭരണഘടന, വിദ്യാഭ്യാസകാലത്തു തന്നെ സ്വാംശീകരിക്കാനുള്ള കഴിവ് നേടാൻ സാധിക്കും. നൈതികം പദ്ധതിയിലൂടെ ലിംഗ നീതി, ലിംഗ സമത്വം, മതേതരത്വം, സാഹോദര്യം എന്നീ മാനുഷിക മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിക്കും |
| (ബി) | വിദ്യാർത്ഥികളിൽ ലിംഗ നീതി, ലിംഗ സമത്വം എന്നിവയെക്കുറിച്ചും ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ; | (ബി) | പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്കു പുറമെ നൈതികം പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥി കളിൽ ലിംഗ നീതി, ലിംഗ സമത്വം എന്നിവയെക്കുറിച്ചും ഭരണഘടനാ പരമായ അവകാശങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന തരത്തിലുള്ള പ്രവർത്തന പരിപാടികളും സംവാദങ്ങളും സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ട്. ഇതിനോടൊപ്പം ഭരണ ഘടനയുടെ ഉള്ളടക്കം, സ്ത്രീകളുടെയും കുട്ടികളുടെയും ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാട്, ഭരണഘടന രൂപപ്പെട്ട ചരിത്രം, നവോത്ഥാന മുന്നേറ്റങ്ങൾ, ചരിത്ര രേഖകൾ, ഭരണഘടനയുടെ ആമുഖം, നമ്മുടെ മൗലിക അവകാശങ്ങൾ, ഭരണഘടനയുടെ പ്രസക്തമായ അനുച്ഛേദങ്ങൾ ഉടങ്ങിയവ, സ്കൂളിന് സ്വന്തമായൊരു ഭരണഘടന, സ്റ്റുഡന്റ് പാർലമെന്റ്, ക്ലാസ് സഭ, അവകാശ പത്രികാ നിർമ്മാണം ഉടങ്ങി |

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് അവരുടെ നിലപാട് വച്ച് ഇടപെടാനും പ്രവർത്തിക്കാനും അവസരമൊരുക്കുന്ന വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വിവിധ ദിനാചരണങ്ങളുമായി ബന്ധിപ്പിച്ച് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് 5þmw ക്ലാസു മുതൽ 12þmw ക്ലാസുവരെ യുള്ള കുട്ടികൾക്കാണ് നൈതികം പരിപാടിയിൽ പങ്കാളികളാകുന്നതിന് അവസരം ലഭിച്ചത്. കോവിഡ് 19 വ്യാപനം മൂലം സ്കൂളുകൾ തുറക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ പലതും ദിനാചരണങ്ങളുടെ ഭാഗമായി സ്കൂളു കളിൽ ഓൺലൈൻ മാധ്യമങ്ങളിലൂടെ സംഘടിപ്പിച്ചുവരുന്നു. |
| (സി) | ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വവും സാഹോദര്യവും ഉയർത്തിപ്പിടിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പഠന, പഠനേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ എന്ന് അറിയിക്കുമോ? | (സി) | ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വവും സാഹോദര്യവും ഉയർത്തിപ്പിടിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പഠന, പഠനേതര പ്രവർത്തനങ്ങൾ നിലവിൽ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ